**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3884** **27-10-2021 - ൽ മറുപടിയ്ക്ക്**

**കണ്ണൂർ നിയോജക മണ്ഡലത്തിലെ ആരോഗ്യ സ്ഥാപനങ്ങളിലെ നിർമ്മാണ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ മണ്ഡലത്തിലെ കണ്ണൂർ ജില്ലാ ആശുപത്രിയിലും, എളയാവൂർ, ചേലോറ, എടക്കാട് എന്നീ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലും നടന്നു വരുന്ന നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ; | (എ) | കണ്ണൂർ ജില്ലാ ആശുപത്രി കണ്ണൂർ ജില്ലാ ആശുപത്രിയിൽ ലക്ഷ്യ പദ്ധതി പ്രകാരം Mother & Child Block നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. കിഫ്ബി പദ്ധതി പ്രകാരം നടപ്പിലാക്കുന്ന കാത്ത് ലാബിന്റെ CCU/HT വർക്ക് ഇലക്ട്രിസിറ്റി ബോർഡിൽ നിന്നും പവർ സപ്ലൈ ലഭിച്ചാൽ ഉടനെ പൂർത്തിയാക്കുവാൻ സാധിക്കും. കാത്ത് ലാബിന്റെ ഇൻസ്റ്റലേഷനുമായി ബന്ധപ്പെട്ട ജോലികൾ പുരോഗമിക്കുന്നു. എ.സി, സിവിൽ, ഇലക്ട്രിക്കൽ വർക്കുകൾ പൂർത്തിയായിട്ടുണ്ട്. പവർ സപ്ലൈയുടെ അഭാവം മൂലമാണ് പണി പൂർത്തിയാക്കുവാൻ കാലതാമസം നേരിട്ടത്. കിഫ്ബി മുഖേന നടപ്പിലാക്കുന്ന മാസ്റ്റർ പ്ലാനിന്റെ ഭാഗമായുള്ള കെട്ടിടങ്ങളുടെ Structural Work പൂർത്തിയായിട്ടുണ്ട്. ടൈലിംഗ്, ഇലക്ട്രിക്കൽ, പ്ലംബിംഗ് ജോലികൾ പുരോഗമിച്ചു വരുന്നു. മെഡിക്കൽ ഗ്യാസ് പൈപ്പിംഗ് സിസ്റ്റത്തിന്റെ പ്രവർത്തനങ്ങളും നടന്നു വരുന്നു. 57.52 കോടി രൂപയുടെ ഭരണാനുമതിയും അതേ തുകയ്ക്കുള്ള സാങ്കേതികാനുമതിയും ലഭ്യമാക്കിയിട്ടുണ്ട്. എമർജൻസി കോവിഡ് റെസ്പോൺസ് പ്ലാൻ പ്രകാരം 30 ബെഡ് ഓക്സിജൻ സപ്പോർട്ട് വാർഡ്, 5 ബെഡ് ഐ.സി.യു. 12 ബെഡ് എച്ച്.ഡി.യു എന്നിവയ്ക്ക് വേണ്ടി 75.50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ആയതിന്റെ ഡി.പി.ആർ തയ്യാറാക്കി വരുന്നു. കുടുംബാരോഗ്യ കേന്ദ്രം - ചേലോറ കുടുംബാരോഗ്യകേന്ദ്രമായി പ്രവർത്തനസജ്ജമാക്കുന്നതിന്റെ ഭാഗമാ യി എൻ.എച്ച്.എം മുഖേന 15.50ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ എം.എൽ.എ ഫണ്ട് ഉപയോഗിച്ച് രണ്ടുനില കെട്ടിടം നിർമ്മിക്കുന്നതിന്റെ കോൺക്രീറ്റ് പ്രവൃത്തികൾ പൂർത്തിയായി. താഴത്തെ നിലയുടെ പ്ലാസ്റ്ററിംഗ്, ഇലക്ട്രിക്കൽ പ്രവൃത്തികൾ |

| | | | |
|---|---|---|---|
| | | | പുരോഗമി ക്കുന്നു. രണ്ടാം നിലയുടെ പ്ലാസ്റ്ററിംഗ്, ഫ്ലോറിംഗ്, പ്ലംബിംഗ് എന്നീ പ്രവൃത്തികൾ കൂടി പൂർത്തീകരിക്കാനുണ്ട്. കുടുംബാരോഗ്യ കേന്ദ്രം -എടക്കാട് കുടുംബോരോഗ്യകേന്ദ്രമായി പ്രവർത്തനസജ്ജമാക്കുന്നതിന്റെ ഭാഗമാ യി എൻ.എച്ച്.എം മുഖേന 15.50ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.കൂടാതെ ബഹു. എം.എൽ.എ യുടെ ആസ്തി വികസന പദ്ധതിയിൽ നിർമ്മിക്കുന്ന കെട്ടിടത്തിന്റെ റൂഫിംഗ് പ്രവൃത്തി, ചുമരിന്റെ പ്ലാസ്റ്ററിംഗ് എന്നിവ പുരോഗമിക്കുന്നു. 60% നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാ യിട്ടുണ്ട്. കുടുംബാരോഗ്യ കേന്ദ്രം എളയാവൂർ കുടുംബാരോഗ്യ കേന്ദ്രമായി പരിവർത്തനം ചെയ്യുന്നതിന്റെ ഭാഗമായി ബഹു.എം.എൽ.എയുടെ ആസ്തി വികസന പദ്ധതി പ്രകാരം അനുവദിച്ചിട്ടുള്ള കെട്ടിട നിർമ്മാണത്തിന്റെ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. |
| (ബി) | കണ്ണൂർ നിയോജകമണ്ഡലത്തിലെ താമസയോഗ്യമല്ലാത്ത കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ പുതുക്കി പണിയാൻ നടപടി സ്വീകരിക്കുമോ; | (ബി) | കണ്ണൂർ നിയോജക മണ്ഡലത്തിലെ 5 കുടുംബക്ഷേമ ഉപകേന്ദ്രങ്ങളെ ഹെൽത്ത് & വെൽനസ്സ് സെന്ററാക്കി ഉയർത്താൻ തീരുമാനിച്ചിട്ടുണ്ട്. അതിൽ എച്ചൂർ, കടങ്ങോട്, കൂടത്തിൻ താഴെ, നാടാൽ എന്നീ സ്ഥാപനങ്ങൾക്ക് 7 ലക്ഷം രൂപ വീതം എൻ.എച്ച്.എം മുഖേന അനുവദിച്ചിട്ടുണ്ട്. ഈ തുക അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് കൈമാറി പ്രവൃത്തി പൂർത്തീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ മുഴുകോത്ത് കുടുംബക്ഷേമ ഉപകേന്ദ്രത്തിന് പുതിയ കെട്ടിടത്തിനായി 67 ലക്ഷം രൂപ എൻ.എച്ച്.എം വഴി അനുവദിച്ചിട്ടുണ്ട്. നിലവിൽ കണ്ണൂർ മണ്ഡലത്തിലെ എളയാവൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തി ന് കീഴിലുള്ള മുണ്ടയാട് സബ് സെന്റർ പുനർനിർമ്മിക്കുന്നതിന് എൽ.സി.ജി.ഡി പദ്ധതി രൂപീകരിച്ചിട്ടുണ്ട്. |
| (സി) | എടക്കാട് പ്രാഥമിക ആരോഗ്യ കേന്ദ്രം കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്താൻ നടപടി സ്വീകരിക്കുമോ? | (സി) | എടക്കാട് പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തുന്നതിന് എൻ.എച്ച്.എം മുഖേന 15.50 ലക്ഷം രൂപയും അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനായി ബഹു. എം.എൽ.എ ഫണ്ടിൽ നിന്നും 45 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. എം.എൽ.എ ഫണ്ട് ഉപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ